"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - തലശ്ശേരി നഗരസഭയിൽ സാനിട്ടേഷൻ വർക്കർ - ഇ.തങ്കമണിയുടെ മകൾ ശ്രീമതി.ജിഷ.ടി - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.244/2021/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം, 23/10/2021

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. ശ്രീമതി.ജിഷ.ടി സമർപ്പിച്ച 25.04.2016 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 20.03.2015 , 26.05.2018 എന്നീ തീയതികളിലെ ഇ1 16026/ 2012 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 29.07.2019 തീയതിയിലെ DCKNR/I0036/2018 - A5 നമ്പർ കത്ത്.
6. 28.05.2021 തീയതിയിലെ സ.ഉ(സാധാ) നം. 1053/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തലശ്ശേരി നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29.05.2011 തീയതിയിൽ മരണപ്പെട്ട ഇ.തങ്കമണിയുടെ മകൾ ശ്രീമതി.ജിഷ.ടി (പ്രണവം,ചെമ്പാട് പി.ഒ . മക്കുനി. തലശ്ശേരി, കണ്ണൂർ.670694) അപേക്ഷ സമർപ്പിച്ചിരുന്നു. ഇ. തങ്കമണിയുടെ സേവനകാലം 17 വർഷവും 02 മാസവും 26 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതയുടെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 03.11.1957. 14.12.1992 ആണ്. നഗരകാര്യ ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷക എസ്.എസ്.എൽ.സി വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തീയതി 19.12.1977 എന്നതുമാണ്. ഇ.തങ്കമണിയുടെ മകൻ ശ്രീ.നിഷാന്ത്.ടി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് 15.11.2013 ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷ സമർപ്പിച്ചതിലെ 5 മാസത്തേയും 17 ദിവസത്തേയും കാലതാമസം മാപ്പാക്കി നല്കാനും ടിയാന് മറ്റൊരു ജോലി ലഭിച്ചതിനാൽ ടിയാന്റെ അപേക്ഷ പിൻവലിക്കാനും അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം 6 ലെ ഉത്തരവ് പ്രകാരം ശ്രീ നിഷാന്ത് അപേക്ഷ സമർപ്പിക്കാനുണ്ടായ 5 മാസത്തേയും 17 ദിവസത്തേയും കാലതാമസം മാപ്പാക്കി നൽകിയും ടിയാന്റെ അപേക്ഷ പിൻവലിക്കാൻ അനുമതി നൽകിയും ഉത്തരവായിരുന്നു. തുടർന്നാണ് പരേതയുടെ മറ്റൊരു ആശ്രിതയായ വിധവയായ ശ്രീമതി.ജിഷ.ടി സമർപ്പിച്ച അപേക്ഷ പരിഗണിച്ചത്. പരേതയുടെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി.ജിഷ.ടി-യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതയുടെ

മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ശ്രീമതി.ജിഷ.ടി -യുടെ കുടുംബ വാർഷിക വരുമാനം 12,000/- രൂപയാണെന്ന് (പന്ത്രണ്ടായിരം രൂപ മാത്രം) പയ്യന്നൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തലശ്ശേരി നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29.05.2011 തീയതിയിൽ മരണപ്പെട്ട ഇ.തങ്കമണിയുടെ മകൾ ശ്രീമതി.ജിഷ.ടി(-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം . കണ്ണൂർ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്:</u>

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ . കണ്ണൂർ.

സെക്രട്ടറി, തലശ്ശേരി നഗരസഭ

ശ്രീമതി.ജിഷ.ടി , പ്രണവം,ചെമ്പാട് പി.ഒ , മക്കുനി, തലശ്ശേരി, കണ്ണൂർ,670694

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/162/2015-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ